കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ. 56/2026 **തിരുവനന്തപുരം, തീയതി: 13/03/2026**

പത്രക്കുറിപ്പ്

പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2026 മാർച്ച് 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബിവോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (351), ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ബിവോക് ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) എന്നീ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്.

പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബികോം കോഴ്സുകളുടെ ഒക്ടോബർ മാസം നടത്തിയ മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും 2026 മാർച്ച് 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബിഎസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി – റീസ്ട്രക്ചേർഡ് (മേഴ്സിചാൻസ് – 2000 അഡ്മിഷന് മുൻപ് & 2000 – 2009 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും 2026 മാർച്ച് 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബിടെക്, മാർച്ച് 2026 (2013 സ്കീം - മേഴ്സിചാൻസ് – 2013 & 2014 അഡ്മിഷൻ), സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ (2008 & 2013 സ്കീം) & കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ (2015 – 2017 അഡ്മിഷൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിടെക് (2013 സ്കീം), ആഗസ്റ്റ് 2025 പരീക്ഷയുടെ ഇൻഫർമേഷൻ ടെക്നോളജി (416) ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും, സിവിൽ എഞ്ചിനീയറിംഗ് (401) ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് (CET) വച്ചും 2026 മാർച്ച് 19 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സപ്ലിമെന്ററി), ജനുവരി 2026 കോഴ്സിന്റെ പ്രാക്ടിക്കൽ 2026 മാർച്ച് 17 ന് കണിയാപുരം എം.ജി.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കരുനാഗപ്പള്ളി ശ്രീവിദ്യാദിരാജ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു.

കൊട്ടിയം ഡോൺ ബോസ്കോ കോളേജ്, ധനുവച്ചപുരം സി.എ.എസ്., കാട്ടാക്കട വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ്, യു.ഐ.ടി. പിരപ്പൻകോട് എന്നിവ പരീക്ഷാകേന്ദ്രമായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികൾ 2026 മാർച്ച് 17 ന് കണിയാപുരം എം.ജി.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജിലും, യു.ഐ.ടി മുളംകാടകം, അടൂർ കെ.വി.വി.എസ്. കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, യു.ഐ.ടി. മാന്നാർ എന്നിവ പരീക്ഷാകേന്ദ്രമായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികൾ കരുനാഗപ്പള്ളി ശ്രീവിദ്യാദിരാജ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജിലും പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

ടൈംടേബിൾ

കേരളസർവകലാശാല 2026 മാർച്ച് 24 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽഎൽഎം പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

E-mail: For queries helpdesk@keralauniversity.ac.in/
website: www.keralauniversity.ac.in

University information is available on **9188526670, 9188526671, 9188526674, 9188526675**
Whats App No. 8547330240